(ബി) ഈ ഇനത്തിൽ എന്തു തുക എത്ര പേർക്ക് കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ധനസഹായം അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 215 കുടുബങ്ങൾക്ക്.

(ബി) 229 പേർക്ക് 229 ലക്ഷം രൂപ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

84 [2582] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ് വഴിയും മറ്റു ബാങ്കുകൾ വഴിയും എടുത്ത വായ്പകൾ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര മത്സ്യത്തൊഴിലാളികളുടെ എന്തു തുക വീതം എഴുതി തള്ളാനാണ് തീരുമാനിച്ചതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ എന്നത്തേക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

85 [2583] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടയ്ക്ക് സാരമായി അപകടം പറ്റിയ തൊഴിലാളികൾക്ക് ചികിത്സയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിക്കുന്നത്;

(ബി) മത്സ്യബന്ധനത്തിനിടയ്ക്ക് അപകടം പറ്റിയ ഒരു തൊഴിലും ചെയ്യാൻ പറ്റാത്ത തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്ക് ധനസഹായം അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യബന്ധനത്തിനിടയ്ക്ക് അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 1 ലകഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സ ആവശ്യമായി വരുന്നവർക്ക് ചികിത്സാ ചെലവിലേക്കായി ഇൻഷ്വറൻസ് പദ്ധതിപ്രകാരം പരമാവധി 2,000 രൂപയും നൽകി വരുന്നു.

(ബി) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 1 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും ധനസഹായം നൽകി വരുന്നു.

തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറിയും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളും

86 [2585] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മത്സ്യസമ്പത്തിന് കടൽക്കറ പ്രതിഭാസം മൂലവും സുനാമി മൂലവും ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെപ്പറ്റി ഏതെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സമുദ്രതീരത്തിലെ വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന രാസമാലിന്യങ്ങൾ മൂലം മത്സ്യസമ്പത്തിന് എന്തെങ്കിലും കുറവുണ്ടായിട്ടുള്ളതായി പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസായശാലകളാണ് ഇപ്രകാരം രാസമലിനീകരണം നടത്തുന്നതെന്നും അതുമൂലമുള്ള ദോഷഫലങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന രാസമാലിന്യങ്ങൾമൂലം തീരദേശത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാമാണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ മത്സ്യസമ്പത്തിന് 'കടൽക്കറ' പ്രതിഭാസം മൂലവും സുനാമി മൂലവും ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെപ്പറ്റി സംസ്ഥാന സർക്കാർ നേരിട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ കടൽക്കറ സമുദ്രത്തിന്റെ ഉൽപാദന ക്ഷമതയിൽ വിപരീതഫലമുണ്ടാക്കുമെന്ന് കേന്ദ്ര സമുദ്രമത്സ്യഗവേഷണകേന്ദ്രം അഭിപ്രായപ്പെട്ടിട്ടുണ്ട്. സുനാമി മൂലം ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെപ്പറ്റി സി. എം. എഫ്. ആർ. ഐ. വിശദമായ പഠനങ്ങൾ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly